ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങൾ

8 (6713) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി.എച്ച്.സി. കളിലും സി.എച്ച്.സി.കളിലും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഈ സേവനപ്രകാരം ഏതെല്ലാം രോഗങ്ങൾക്കാണ് സൗജന്യ മരുന്നുകൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താദി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, മസ്തിഷ്ക രോഗങ്ങൾ, കാൻസർ തുടങ്ങിയവ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 230 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിന് ആഴ്ചയിൽ ഒരു ദിവസം എൻ.സി.ഡി. ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നു. ഇതിനായുള്ള പരിശീലനങ്ങൾ ആരോഗ്യ വകുപ്പിലെ എല്ലാ ജീവനക്കാർക്കും ഇതിനോടകം നൽകിക്കഴിഞ്ഞു. രോഗനിർണ്ണയം നടത്തിയ ജനങ്ങൾക്ക് വിദഗ്ദ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി. സി.എസ്. നിലവിലുള്ള 5 ജില്ലകളിൽ ആഴ്ചയിൽ 6 ദിവസം ജീവിതശൈലീ ക്ലിനിക്കുകൾ നടത്തിവരുന്നു. ജീവിതശൈലീ രോഗങ്ങൾക്ക് എതിരെയുള്ള ബോധവത്ക്കരണ പരിപാടികളും ഇതിനോടൊപ്പം നടത്തിവരുന്നു.

(ബി) ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്താദി സമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്ക് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോട്ടോകോൾ തയ്യാറാക്കുകയും ആ പ്രോട്ടോകോൾ പ്രകാരമുള്ള പന്ത്രണ്ട് ഇനം മരുന്നുകളും സൗജന്യമായി വിതരണം ചെയ്തുവരികയും ചെയ്യുന്നു. ഇതിനു പുറമെ ആരോഗ്യ വകുപ്പിന്റെ വാർഷിക ഇൻഡന്റ് പ്രകാരമുള്ള 20-ൽപ്പരം മരുന്നുകൾ ജീവിതശൈലീ രോഗങ്ങൾക്കായി വിതരണം ചെയ്തുവരുന്നു. ഹൃദ്രോഗം, കാൻസർ, മസ്തിഷ്ക്കാഘാതം തുടങ്ങിയ രോഗങ്ങളുടെ ചികിത്സ സ്പെഷ്യലിസ്റ്റുകൾക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly